ഏഴാം സമ്മേളനത്തിലെ 1127 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5807, 5817, 7223, ആറാം സമ്മേളനത്തിലെ 2977, ഏഴാം സമ്മേളനത്തിലെ 1282, 3033, 3034, 3041, 3061, 3065, എട്ടാം സമ്മേളനത്തിലെ 1175, 2794, 2803, 2807, 2809, 2834, 2854, 2858 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2955-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപനുവേണ്ടി (ശ്രീ. പി. എ. മാധവൻ): സർ, 11.11 AM] അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII റൂളിംഗ്

രേഖയിൽനിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കഴിഞ്ഞദിവസം പ്രസംഗമദ്ധ്യേ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് നടത്തിയ ചില പരാമർശങ്ങൾ സംബന്ധിച്ച് 11.14 AM] സഭാദൃശ്യങ്ങൾ പരിശോധിച്ചതിനുശേഷം തീരുമാനം അറിയിക്കാമെന്ന് ചെയർ ഇന്നലെ അറിയിച്ചിരുന്നു. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗവും അതിനുശേഷം ധനാഭ്യർത്ഥന ചർച്ചയുടെ അവസാനം സഭയിലുണ്ടായ പരാമർശങ്ങളുടെ ഭാഗവും ചെയർ പരിശോധിച്ചു. ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങൾ അദ്ദേഹംതന്നെ പിൻവലിക്കുകയും അതിൽ ഖേദം രേഖപ്പെടുത്തുകയും സഭാരേഖകളിൽനിന്നും ഈ ഭാഗം നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. Certain words

LIBRARY ARCHIVES Kerala Legislative Assembly